ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 16372/എച്ച്.കെ.ബി3/2022/നി.സെ. (vol II)

തിരുവനന്തപുരം,
21.05.2024.

## ലേലപരസ്യം [വിഭാഗം : ഒന്ന്]

നിയമസഭ സെക്രട്ടേറിയറ്റിലെ സെല്ലാറിലും പ്രസ്സിലും സൂക്ഷിച്ചിരിക്കുന്ന താഴെ പറയുന്ന 13 ഇനം വസ്തുക്കൾ 28.05.2024 ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| Sl. No. | Item | Quantity |
|---|---|---|
| 1. | ഇരുമ്പ് അലമാര | 1 |
| 2. | പ്ലാസ്റ്റിക് വരിഞ്ഞ ഇരുമ്പ് കസേര | 2 |
| 3. | തകിട്(ഫാൾസ് സീലിംഗ് പൊളിച്ചപ്പോൾ മാറ്റിയത്) | 242.58 kg |
| 4. | ഡൈനിംഗ് ടേബിൾ | 2 |
| 5. | ഇരുമ്പ് മേശ | 13 |
| 6. | ഇരുമ്പ് കട്ടിംഗ് സ്റ്റാന്റ് | 1 |
| 7. | തടി മേശ | 5 |
| 8. | ഇരുമ്പ് അലമാര ചെറുത് | 1 |
| 9. | അലൂമിനിയം ഗ്രിൽ | 10.54 kg |
| 10. | പൈപ്പ് സ്റ്റാന്റ് | 306.53 kg |
| 11. | വുഡൻ ബോക്സ് | 1 |
| 12. | അലൂമിനിയം ഷീറ്റ് | 301.05 kg |
| 13. | സെക്യൂരിറ്റി ക്യാബിൻ | 1 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 10.30 മണിക്ക് നിരത ദ്രവ്യമായ ₹4,870/-(നാലായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് GST Identification Number ഉണ്ടായിരിക്കേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം പിടിക്കുന്നയാളിന്റെ പേരിൽ തുക ന്യായമാണെന്ന് കാണുന്ന പക്ഷം ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയാൽ ലേലവിലയും നിയമാനുസൃത ജി. എസ്. ടി. യും ഉൾപ്പെടുന്ന തുക അന്നു തന്നെ 'ഹൗസ് കീപ്പിംഗ്' വിഭാഗത്തിൽ അടച്ച ശേഷം ലേല വസ്തു കൊണ്ടു പോകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽക്കൂട്ടുന്നതും ലേല വസ്തു പുനർലേലം ചെയ്യുന്നതുമായിരിക്കും.

മേൽപരാമർശിച്ച സാധനങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് ഹൗസ് കീപ്പിംഗ് വിഭാഗം ഓഫീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം റദ്ദ് ചെയ്യുകയോ ലേലനടപടിക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ലേലം സ്ഥിരീകരിക്കാതിരിക്കുകയോ ചെയ്താൽ ലേലത്തിൽ പങ്കെടുത്തവർക്ക് നിക്ഷേപിച്ച തുക പലിശയോ നഷ്ടപരിഹാരമോ കൂടാതെ തിരികെ നൽകുന്നതായിരിക്കും.

ഏതെങ്കിലും കാരണവശാൽ ലേലം നടത്തുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലനടപടികൾ നടത്തുന്നതാണ്. ലേലം മുന്നറിയിപ്പ് ഇല്ലാതെ മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ നിയമസഭ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം നിയമസഭ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

അബ്ബാസ് പി.
അണ്ടർ സെക്രട്ടറി,
സെക്രട്ടറി-ഇൻ-ചാർജിനു വേണ്ടി.

പകർപ്പ്

1. സെക്രട്ടറിയുടെ പി.എസ്.
2. ജോയിന്റ് സെക്രട്ടറി (II)-യുടെ സി.എ.
3. ഓഫീസ് സൂപ്രണ്ട്, ഹൗസ് കീപ്പിംഗ് വിഭാഗം.
4. വിവരസാങ്കേതികവിദ്യ വിഭാഗം.
5. ചീഫ് മാർഷൽ.
6. കരുതൽ ഫയൽ.
7. ഫയൽ പകർപ്പ്.